പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2749 — 20/06/2013 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകൾക്ക് സമീപമായി അക്ഷയകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകാൻ തുടങ്ങിയതോടെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർവ്വീസ് ചാർജ് സംബന്ധിച്ചും അക്ഷയ കേന്ദ്രങ്ങളിലെ തിരക്കിനെ സംബന്ധിച്ചും പരാതികളുണ്ടെങ്കിലും 13/06/2013 വരെ 24ലക്ഷത്തിൽപരം സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി കുറ്റമറ്റതാക്കാൻ ശ്രമിക്കുന്നതാണ്. |
| (ബി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വില്ലേജ് ഓഫീസുകൾക്ക് സമീപമായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; | (ബി) (സി) വിവര സാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ വഴി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ കുറ്റമറ്റതാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വില്ലേജ് ഓഫീസുകളിൽ തന്നെ ഫ്രണ്ട് ഓഫീസ് സംവിധാനമൊരുക്കി സർട്ടിഫിക്കറ്റ് വിതരണം വേഗത്തിലാക്കാനും നടപടി സ്വീകരിക്കും. |
| (സി) അക്ഷയകേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ